


# ബി.ഇ.എം ഗേൾസ് ഹൈയർസെക്കണ്ടറി സ്കൂൾ

## ലിറ്റിൽ കൈറ്റ്സ്

***2018-19***

# ഉള്ളടക്കം

നൂറ്റാണ്ടിന്റെ പാരമ്പര്യവുമായി ബി.ഇ.എം.
മാൽഗുഡിയിലെ കടുവ-ആത്മാവിന്റെ സാക്ഷാത്കാരം
സൗഹൃദം
മുഖം
വേനലവധി
പൂവ്
സ്നേഹം
നക്ഷത്രത്തിളക്കം
പക്ഷി
നേരാണ്
ദീപം
സാമകാലിക കഥകളിലെസമൂഹം
ലളിതം
നക്ഷത്രം

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# മുഖ്യപത്രാധിപ

വിദ്യാർത്ഥികളുടെ സമഗ്രമായ വികാസത്തെ ലക്ഷ്യംവെച്ച് നിലവിൽ രൂപംകൊണ്ട 'KITE' എന്ന പദ്ധതിയുടെ ഭാഗമായി ബി.ഇ.എം. സ്കൂളിലെ 9-ാം ക്ലാസിലെ 'LITTLE KITES' അംഗങ്ങളായ ഒരുകൂട്ടം വിദ്യാർത്ഥികൾ തയ്യാറാക്കിയ 'DIGITAL MAGAZINE' ആണിത്. വളരെ ചുരുങ്ങിയ സമയംകൊണ്ടു തയ്യാറാക്കിയ പ്രഥമസംരംഭമായ ഈ മാസിക തികച്ചും ലളിതവും ശ്രേഷ്ഠവുമാണ്.

വിദ്യാർത്ഥികൾ എന്ന നിലയിൽ 'മലയാളം' എന്ന നമ്മുടെ മാതൃഭാഷയുടെ മഹിമയും മാധുര്യവും ഒട്ടും ചോർന്നു പോകാതെത്തന്നെയാണ് ഞങ്ങൾ ഈ മാസിക തയ്യാക്കിയിട്ടുള്ളത്. കഥകൾ, കവിതകൾ തുടങ്ങിയ ഈ മാസികയുടെ ഭാഗമായിതീർന്ന എല്ലാ രചനകളും ഞങ്ങളുടെ തന്നെ സൃഷ്ടികളാണ്.കൈറ്റിന്റെ കീഴിൽ നടത്തിയ ക്ലാസുകളിൽ നിന്നും ശേഖരിച്ച ഒട്ടനേകം വിവരങ്ങളുടെ സഹായത്തോടെ ഞങ്ങൾ നെയ്ത്ത് എടുത്ത ഈ ഒരു ചെറിയ സംരംഭം ഞങ്ങളെ സംബന്ധിച്ചെട്ടുത്തോളം ഒരു പുതിയ അനുഭവമായിരുന്നു.

അതുകൊണ്ടു തന്നെ സ്നേഹപൂർവ്വം വളരെ സന്തോഷത്തോടെയും അഭിമാനത്തോടെയും ഞങ്ങളുടെ പേരിലും ഞങ്ങളുടെ സ്കൂളിന്റെ പേരിലും കേരളത്തിലെ എല്ലാ സ്കൂളുകൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി ഞങ്ങളിത് സമർപ്പിക്കുന്നു.അതോടൊപ്പം വളരെ ചെറിയ സമയം കൊണ്ട്

ഞങ്ങൾ തയ്യാറാക്കിയ ഈ മാസിക എന്തെങ്കിലും തരത്തിലുള്ള പിഴവുകൾ വായനക്കാർക്ക് നേരിടേണ്ടി വന്നാൽ വിനയപൂർവം ഞങ്ങൾ ക്ഷമ ചോദിക്കുന്നു.

Little Kites

We Play* We Explore* We Learn

# നൂറ്റാണ്ടിന്റെ പാരമ്പര്യവുമായി ബി.ഇ.എം ഗേൾസ് ഹൈസ്കൂൾ




കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്ത് പ്രൗഢ ഗംഭീരമായൊരു കെട്ടിട സമുച്ചയം.അതാണ് **ബി.ഇ.എം. ഗേൾസ് ഹൈയർസെക്കണ്ടറി സ്കൂൾ**.1848-ൽ ആംഗ്ലോ വർണ്ണാക്കുലർ സ്കൂളായി കല്ലായിൽ ബാസൽ

സമീപത്തേക്ക് മാറ്റിസ്ഥാപിച്ചത്.

*1842*-ൽ ബാസൽ മിഷനാൽ




സ്ഥാപിക്കപ്പെട്ട പള്ളി കോഴിക്കോട് നഗരത്തിന് തിലകക്കുറിയായി നിലകോള്ളുന്നു.പ്രൗഢഗംഭീരമായ ഈ സൗധം മാനാഞ്ചിറയ്ക്ക് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു.അലങ്കാരമഹിമയിൽ മാനാഞ്ചിറയിൽ പ്രതിഫലിക്കുന്ന ഈ പള്ളിയുടെ പ്രതിബിംബം ആരുടെ മനസ്സിലും മായാതെ നിൽക്കുന്നതാണ്.


കുട്ടികളെ പഠിക്കാൻ അയക്കുക എന്നത്
ഏതൊരു രക്ഷിതാവിന്റെയും ആഗ്രഹമാണ്.
സ്കൂളിലേക്കുള്ള പ്രവേശന സമയത്തുള്ള
തിരക്കുകളിൽ നിന്ന് തന്നെ സ്കൂളിലെ
അധ്യയനം പ്രശംസനീയമായി നടക്കുന്നു
എന്ന് മനസ്സിലാക്കാം.അർപ്പണ മനസ്സുള്ള
അധ്യാപകർ എന്നും ഈ സ്കൂളിന്റെ
മുതൽക്കൂട്ടാണ്.ഗുരു-ശിഷ്യ ബന്ധമാണ്
സ്കൂളിന്റെ ജീവനാഡി.

**റാനിയ.എസ്.എ**

**X-A**

## മാൽഗുഡിയിലെ കടുവ-
## അന്തരാത്മാവിൻെറ സാക്ഷാത്കാരം

ഇന്ത്യൻഇംഗ്ലീഷിലെത്രിമൂർത്തികൾഎന്നറി യ പ്പെടുന്ന എഴുത്തുകാരിൽ ഒരാളായ ആർ . കെ നാരായൺൻെറ **“A Tiger for malgudi”** എന്ന കൃതിയുടെ മലയാള പരിഭാഷയായ 'മാൽഗുഡിയിലെ കടുവ' എന്ന നോവൽ ഞാൻ വായിക്കുക യുണ്ടാ യി. പി.പ്രകാശ് എന്നയാളുടേതാണ് വിവർത്ത നം. ആർ. കെ നാരായൺൻെറ മറ്റ കൃതികൾ ഞാനിതിനു മുൻപ്വായിച്ചിട്ടില്ല.അദ്ദേഹത്തിൻെറ കൃതികളുടെ പേരുകൾക്കിടയിൽ മാൽഗുഡിയിലെ കടുവ കാണാറുമില്ല.അതു കൊണ്ടു തന്നെ ഇത് വായിക്കുവാൻഎനിക്കു വളരെയധികംആകാംക്ഷ ഉണ്ടായിരുന്നു.




മൃഗശാലയ്ക്കുള്ളിലെ കൂട്ടിൽ കിടന്ന് തൻെറ
കഴിഞ്ഞകാലത്തേക്കുറിച്ച് ചിന്തിക്കുന്ന ഒരു വയസ്സൻ
കടുവയിൽ നിന്നാണ് കഥ തുട ങ്ങുന്ന ത
്.വനാന്തരങ്ങളിൽ സ്വൈര്യമായി വിഹരി ച്ചിരു ന്ന
ബാല്യകാലവും പിന്നീട് നാട്ടിലെത്തുന്ന കടുവയെ
പിടികൂടുന്ന സർക്കസ് സംഘവും സിനിമാഭിനയവും
അതിൽ നിന്ന് സ്വയം മോചി തനായി യോഗിയായ
'ഗുരു'വിൻെറ സന്തത സഹചാരിയാകുന്നതും ഒടുവിൽ
സ്വന്തം ആത്മസാക്ഷത്കാരം നിർവഹിക്കുന്നതിനു
മുൻപ്  കടുവയെ ഗുരു മൃഗശാലാ അധികൃ തർക്കു
കൈമാറുകയും ചെയ്യുന്നു.ഇതാണ് കഥ.

ഒരു കവിതയുടെ ഒഴുക്കും കഥയുടെ ആധികാരികതയും ഉള്ള നോവല് .ഇത്തരം ഒരു നോവൽ എഴുതാനുണ്ടായ സാഹചര്യംനോവലിസ്റ്റ് വ്യക്തമാക്കുന്നുണ്ട് .വെറുതേയുള്ള കഥ പറച്ചിലിലിലതീതമായി ഉൾപ്പെടുത്തിയ തത്ത്വചിന്തയും കുറിക്കുകൊള്ളുന്ന നർമ്മവും രചനയെ ഒരു പടി കൂടി ഉയർത്തുന്നു.

ചെറിയ രംഗങ്ങളിൽ  പ്രത്യക്ഷപ്പെടുന്ന കഥാപാത്രത്തിനു പോലും അതിൻേറതായ അസ്ഥിത്വമുണ്ട്.ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തിനു തനതായ വഴി വെട്ടിത്തുറന്ന നോവലിസ്റ്റിൻെറ മാന്ത്രികമായ ആഖ്യാനരീതിയും ഒതുക്കമുള്ള അവതരണവും എടുത്തു പറയേണ്ടതാണ്.

 രൂപഭാവങ്ങളിലും പെരുമാറ്റത്തിലും എന്തൊ ക്കെ വ്യത്യസ്തതകൾ പുലർത്തിയാലും എല്ലാ ജീവജാലങ്ങളിലും അടങ്ങിയിരിക്കുന്ന അന്ത സ ത്ത ഒന്നുതന്നെയാണെന്നും ശരിയായ സമീപന ത്തിലൂടെ മനുഷ്യനിൽ നിന്നെന്നതു പോലെ ഒരു കടുവയിൽ നിന്നു പോലും പ്രതീക്ഷിക്കാം എന്ന് കഥാനായകനായ കടുവ ദ്യോതിപ്പി ക്കുന്നത്. ആർ.കെ നാരായൺ എന്ന എഴുത്തുകാരന്റെ മറ്റ കൃതികൾ കൂടി വായിക്കാനുള്ള ഊർജ വും പ്രചോദനവുമാണ് മാൽഗുഡിയിലെ കടുവ നൽകുന്നതെന്ന് നിസ്സംശയം പറയാം.

എഴുത്ത്-
അമൃത.എസ്.കുമാർ
IX

# സൗഹൃദം



ചെടിയെന്ന വാടിയിൽ
മൊട്ടെന്ന ശാഖയിൽ
പൂക്കളായ് പൂത്തിടും സൗഹൃദങ്ങൾ
പൂവിൻെറ മധുരം പോൽ
സൗഹൃദം വീണ്ടും പൊഴിഞ്ഞിടുന്നു
കടലിൻെറ ആഴംപോൽ
ഇരുമ്പിൻെറ ശക്തിപോൽ
എന്നുമീ സൗഹൃദം പൂത്തിടുന്നു
അകലുവാനാകാതെ
പിരിയുവാനാകാതെ
സൗഹൃദം എന്നിൽ നിറഞ്ഞിടുന്നു

ശറഹ.വി
IX A

# മുഖം

ഇന്നലെ രാത്രിയിൽ നീ
എന്തൊക്കെയോ
വിചാരിക്കുന്നത്
ശൂന്യതയുടെ ദ്വാരത്തിലൂടെ
ഞാൻ കേട്ടിരുന്നു.
എന്നിട്ടും
അത് പറയാൻ
നാണിച്ച മുഖം
ചുരുട്ടുന്നതെന്തിനാണ?



KADEEJA RASHA
IX - D



# വേനലവധി

എല്ലാ അവധിക്കാലത്തും മിക്കവാറും ഞങ്ങൾ വിനോദയാ-ത്രയ്ക്ക്
പോകുമായി രുന്നെ ങ്കിലും കഴിഞ്ഞ വർഷം ഞങ്ങൾ കുട്ടുക
ടുംബം ഒന്നായി ഒരു വിനോദയാത്രയ്ക്ക് പോയി ഏകദേശം ഒരു പത്തുറുപത്
പേരുണ്ടായിരുന്നു . വയനാട്ടിലെ ഒരു റിസോർട്ടിലേക്കായിരുന്നു യാത്ര.
ടൂറിസ്റ്റ് ബസ്സ് നിറയെ ഞങ്ങൾ കുട്ടികളും ,
മുതിർന്ന വരും വൈകുന്നേരം നാലുമണിക്ക് വീട്ടിൽ നിന്ന് പുറപ്പെട്ട
ഞങ്ങൾ വയനാട്ടിൽ എത്തുമ്പോൾ സന്ധ്യയായി . അവിടെനിന്ന്
റിസോർട്ടിലേക്ക് എത്തണമെങ്കിൽ ചെറിയ കാട്ടുവഴിയിലൂടെ നടക്കണം .

സന്ധ്യക്ക് ആ കാട്ടുവഴിയിലൂടെയുള്ള നടത്തം
അല്പം പേടിതോന്നുമെങ്കിലും നല്ല രസ മാ യി രുന്നു . കാട്ടുവഴിയിലൂടെ
നടക്കുമ്പോൾ അട്ടയുടെ നല്ല കടി കിട്ടി . റിസോർട്ടിൽ എത്തി
യ ഞങ്ങൾ അവിടെയൊക്കെ ചുറ്റി നടന്നു കണ്ടു .  രാത്രി
ഭക്ഷണത്തിന് ശേഷം ഞങ്ങൾ കുട്ടികൾ എല്ലാവരും അന്താക്ഷരി
കളിച്ചു.
നേരം പാതി രാത്രിയായത് പോലും ഞങ്ങൾ അറിഞ്ഞില്ല .

അതിനുശേഷം നേരം വെളുത്തപ്പോൾ ഭക്ഷണം കഴിച്ച് നേരെ
വെള്ളച്ചാട്ടത്തിൽ കുളിക്കാൻ പോയി .  വൈകിട്ട്  അഞ്ചുമണിവരെ
വെ
ള്ളത്തിൽ കളിച്ചു .  കളി നിർത്താൻ മനസ്സ് തോന്നിയില്ല എങ്കിലുംആറു
മണിയോടെ ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു .ഈ വിനോദയാ
ത്ര എനിക്ക് നല്ല ഒരനുഭവമായിരുന്നു .

എഴുത്ത്-

# പൂവ്

പൂവേ പൂവേ കൊഴിയില്ലേ-
പൂന്തെന്നൽ വന്നു വിളിച്ചാൽ പോവല്ലെ
പുലരി പുതുമഴയിൽ ഇതളുപൊഴിയ്ക്കല്ലേ
ഒരിതളും നീ പൊഴിയ്ക്കല്ലേ (പൂവേ)

പുതു മണ്ണിനു ചൂടാനൊരു പൂവിതളും നൽകല്ലേ
ഈറൻ മുടിയിൽ ചൂടാനൊരു പൂവിതളും നൽകല്ലേ
വെള്ളിനിലാവിലിലഞ്ഞിപുഞ്ചിരി മായ്ക്കല്ലേ)

പൂവണ്ടിൻ പ്രണയം പൊള്ളാണോ
നിന്നോട്ടുള്ള പൂവണ്ടിൻ പ്രണയം പോള്ളാണോ
അത് പൂന്തേനുണ്ണാനണയുവതാണേ (പൂവേ)
നിന്നെ കാണാനെന്നും കൊതിയാണേ
എനിക്കു നിന്നെ കാണാനെന്നും-
കൊതിയാണേ(പൂവേ



# സ്നേഹം

എൻെറ അമ്മ തന്ന സ്നേഹം
അത് എന്തിലും മാധുര്യമേ
എൻെറ അച്ഛൻ പറഞ്ഞ വാക്കുകൾ
തറയ്ക്കുന്ന മുള്ളായി എന്നും മനസ്സിൽ
കുഞ്ഞുമനസ്സിൽ താങ്ങുവാൻ കഴിയാത്ത
എത്രയോ മുള്ളുകൾ ഉണ്ടായിരുന്നു.
സങ്കടം അടക്കുവാൻ കഴിയാതെ ഞാൻ.
വീടിൻെറ കോണിൽ വിതുമ്പി നിന്നു
ഈ വിധി എന്നെ തനിച്ചാക്കി
ഞാൻ ഏകയായി.



BLESSNA

# നക്ഷത്രത്തിളക്കം

പുതുവർഷത്തിൻെറ ആഘോഷം തലേ ദിവസം കൂട്ടുകാരെല്ലാവരും കൂടി ബീച്ചിൽ ഒത്തുകൂടി. അധികം ബഹളങ്ങൾ കൊണ്ട് മതിമറന്ന ആഘോഷങ്ങളോടൊന്നും അമലിന് വലിയ താൽപര്യമില്ലങ്കിലും കൂട്ടുകാർക്ക് വേണ്ടി അവൻ അവരോടൊപ്പം ചേർന്നു.രാത്രി മനോഹരമായ നീലാകാശം ധാരാളം നക്ഷത്രങ്ങളും അവൻെറ മനസ്സ് അറിയാതെ തൻെറ ചെറുപ്പത്തിലേക്ക് ചാഞ്ചാടി. എന്നും അമ്മയുടെ മടിയിൽ ഇരുന്ന് രാത്രി ആകാശത്ത് നക്ഷത്രങ്ങളെപ്പറ്റിയുള്ള കഥകൾ കേൾക്കാനായിരുന്നു എനികേറ്റവും ഇഷ്ടം.

നക്ഷത്രങ്ങളായി നമ്മെ നോമരിച്ച പോയ മുത്തശ്ശി,മുത്തശ്ശൻ ഒക്കെ ക്കുന്നു എന്ന് അമ്മ പറയുമ്പോ ൾ എനിക്കും ഒരു നക്ഷത്രമാവാൻ കൊതി തോന്നിയിരുന്നു .ആകാശത്ത് നക്ഷത്രത്തെ നോക്കിയിരിക്കെ അവന് അമ്മയെ കാണണമെന്ന് അതിയായ മോഹം തോന്നി മനസ്സിൽ ഈ പുതുവർഷം അമ്മയോടൊത്ത് ആഘോഷിക്കണം എന്ന് മനസ്സ് പറഞ്ഞു . പിന്നീട് അവൻ ഒന്നും ചിന്തിച്ചില്ല. കൂട്ടുകാരോട് യാത്ര പറഞ്ഞ് അവൻ അമ്മയുടെ അടുത്തേക്ക് പുറപ്പെട്ടു....എത്രയും വേഗം അമ്മയുടെ അടുത്തെത്താൻ അവൻെറ മനസ്സ് കൊതിച്ചു

-Liya marfah

# പക്ഷി

ശൂന്യമായ
ഹൃദയസദസ്സിൽ
നിൻെറ
ശബ്ദം മാത്രം
അതിൻെറ
അനന്തമായ
താഴ്വരയിൽ
പറക്കുന്നതു
ഒരു പക്ഷി മാത്രം



# നേരാണ്

നേരാണ് നമ്മൾക്കുണ്ടായിരുന്നു
സൂര്യനെ പോലൊരു അപൂപ്പൻ
മുട്ടോളമെത്തുന്ന കൊച്ച മുണ്ടും
മൊട്ടത്തലയും തെളിഞ്ഞ കണ്ണും
മുൻവരിപ്പലില്ലാ പുഞ്ചിരിയും
വെൺനര ച്ചൂട്ടും വിരിഞ്ഞമാറും
നേരാണ് നമ്മൾക്കുണ്ടായിരുന്നു
സൂര്യനെ പോലൊരു അപുപ്പൻ
നീളൻ വടിയൂണി നിന്നുചൊല്ലി
ദേവനെ പോലൊരു അപുപ്പൻ
തങ്ങളിൽ സ്നേഹിക്ക നിങ്ങളെന്നും
സത്യം പറയുക നിങ്ങളെന്നും
മക്കളേ നന്നായ് വരട്ടെ നിങ്ങൾ
നേരാണ് നമ്മൾക്കുണ്ടായിരുന്നു
സൂര്യനെ പോലൊരു അപുപ്പൻ

ഗാന്ധികവിത

-Smrithi.S.Nayar

# ദീപം




തെളിയുമാ ദീപം
വെളിച്ചമായ് ജീവനിൽ
നൽകുമാ പ്രകാശം
മാർഗം ദർശിനിയായ്
നന്മ തൻ മാർഗം
തൻ ജീവിതത്തിൽ
വന്നീട്ടും സർവതാ ജീവനിലും
അണയാതെ സൂക്ഷിപ്പൂ
ഒരായുസ്സു മുഴനീലളെ
ചൊരിയുമാ ലോകത്തി-
നങ്ങോള മിങ്ങോളം
നില നിന്നീടാനൊരു പ്രാർത്ഥന
മനസ്സിൻെറ ദീപമായ്
തെളിയിക്കാം എന്നുമെൻ ജീവിതം

-Liya marfah

# സമകാലിക കഥകളിലെ സമൂഹം

വായന സങ്കീർണ്ണമായ ഒരു കാലത്തിലൂടെ കടന്നുപോവുകയാണ്. വിജ്ഞാനപ്രദമായ പുസ്തക ങ്ങൾക്ക് വായനക്കാർ ഏറുമ്പോൾ കഥയ്ക്കും നോവലിനും അനുവാചകർ കുറയുന്നു. എന്നിരു ന്നാ ലും വെള്ളത്തിലൊരു മഷിക്കല പോലെ തടയണകൾ ഭേദിച്ച് ഇരമ്ഭിയെത്തുന്ന നദി പോലെ അവ അനു വാചകനിലേക്ക് വന്നു നിറയുന്നു.നമ്മുടെ സാഹിത്യ ശാഖകളിൽ കാലത്തിൻറെ നീരാട്ടം ഏറ്റവും ശക്ത മായി ട്ടുള്ളത് ചെറുകഥയിൽ തന്നെ യാണ് . മനുഷ്യത്വത്തിലുള്ള മരിക്കാത്ത വിശ്വാസത്തിൽ നിന്ന ു ജനിച്ച കൊച്ചു-കൊച്ചു,ക്രിയകൾ ,ഹരിതരാഷ്ട്രീയത്തെഅവലംബമാക്കിയിട്ടുള്ള പ്രതീക്ഷകൾ ,

മൂന്നാംലോകത്തിൻെറ ഭാഗധേയത്തെ കുറി ച്ചുള്ള ധാർമ്മിക വ്യഥകൾ എന്നിങ്ങ നെ യാണ് . ഉത്തര ആധുനിക കാലഘട്ടത്തിലെ ചെറുകഥാകൃത്തിൻെറ രാഷ്ട്രീയ ഭൂമിക അതിൽ തന്നെ സ്ത്രീ, ദലിത്,പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ വിഷയ മാകുന്നു . ആധുനികതഎരിഞ്ഞടങ്ങുന്നതിന് മുമ്പു തന്നെ കഥയിൽ ഭാവുകത്വം പരിണാമം സംഭവിച്ചു തുടങ്ങിയിരുന്നു.1969-ൽ പ്രസിദ്ധീകൃതമായ ടി.പത്മനാഭൻെറ 'സാക്ഷി' എന്ന കഥ ഈ പരിണാമത്തിൻെറ നാന്ദികുറിച്ച് പ്രകൃ തിയും പ്രപഞ്ചവും ജീവിതവുമായി കഥ വീണ്ടും ബന്ധിതമായി.



ശ്വേത.പി

**X-A**

# ലളിതം

ഇവിടെയുണ്ടുഞാൻ
എന്നറിയിക്കുവാൻ
മദുരമാമൊരു
കുവൽ മാത്രം മതി

ഇവിടെയുണ്ടായി-
രുന്നു ഞാനെന്നതി-
ന്നൊരു വെറും ളുവൽ
താഴെയിട്ടാൽ മതി



ഇനിയുമുണ്ടാകു-
മെന്നതിൻ സാക്ഷ്യമായ്
അടയിരുന്നതിൻ
ചൂടുമാത്രം മതി

ഇതിലുമേറെ
ലളിതമായ് എങ്ങനെ
കിളികളാവി-
ഷ്കരിക്കുന്നു ജീവനെ?

ഐശ്വര്യ.വി

# നക്ഷത്രം

എൻെറ യാത്രയിൽ വെളിച്ചമെത്തിച്ച നക്ഷത്രം
ഞാൻ എന്നിലും അതിക്കം
സ്നേഹിച്ച നക്ഷത്രം
എൻെറ ളുവെള്ളനിറമുള്ള നക്ഷത്രം
രാത്രിതൻ ഇരുട്ടിൽ എൻ
വഴിക്കാട്ടിയായോരു നക്ഷത്രം
തെറ്റിൻെറ പാതയിൽ ഞാൻ നടക്കവെ
നേർവഴി കാട്ടുന്ന ഓമന നക്ഷത്രം
എന്നും എൻ ജീവിതയാത്രൽ
വിളക്കാണെൻെറ നക്ഷത്രം
ഭൂമിയിൽ അമ്മയാണെൻെറ നക്ഷത്രം

എൻെറ  മിത്രമേ നീ ഇന്ന് എങ്ങുപോകുന്നു
എൻെറ ജീവനായി വായുവായിനീ എന്നും കൂടെ വേണമെന്നുണ്ട്സൗഹൃദം എന്ന് ഞാൻ ഓർക്കുന്ന നേരത്ത്നിൻ മുഖം മാത്രമാണൻെറ മനസ്സിലെന്നുംപോയകാലത്തെ എൻെറ ഓർമ്മ കൾഎന്തെന്ന് നീയിന്ന് ഓർക്കുന്നുവോ ?നിൻെറ ചുണ്ടിണ കോണിലെ പുഞ്ചിരിഅതുതന്നെ യാണെൻെറ ഓർമ്മവേർപ്പെട്ട് പോകുവാൻ ഇഷ്ടമില്ലാതെനാം വേർപ്പെട്ട നിമിഷം നീ ഓർക്കു ന്നുവോ ?ആ ദുർവിധിയാണ് അമ്മ അകറ്റിയത്
മരണം മരണം അതുതന്നെ നമ്മുടെ ദുർവിധിയും.

**BLESSNA REJOICE**

The way a crow
shook down on me
The dust of snow
from a hemlock tree;
Has given my heart
a change of mood
And saved some part
of a day I had rued

Ridhazakhir p.m

## വഴി

പുറത്താരോ വഴി ചോദിച്ചു
കാത്തിരിക്കുന്നു.
അകത്താരോ
മുട്ടുന്നു.
എന്നെ മുഴുവനായി
പുറത്തഴിച്ചു വെച്ചു
ഞാനകത്തു കയറി.
ഓരോ മനുഷ്യനും ഓരോ വഴിയാണ്
അകത്തു നിന്നതിന്
വാതിലുണ്ട്.
ആദ്യമകത്തു കയറിയ
ആരോ
വാരി വലിച്ചിട്ടതാണ്
ഇക്കാണുന്ന
ലോകമത്രയും.



എല്ലാ വാതിലുകളും
അടയുമ്പോഴാണ്
വഴി
മുട്ടിയവനെ
തുറക്കുന്നത്.
ആദ്യം ഓടിയെത്തിയതാണ്
വഴി
വഴിയെ വരുന്നവർക്കായ്.
സാക്ഷാത്കാരത്തിൻറെ വിളക്കേന്തി
ഉത്സാഹത്തോടെ
ഉണർന്നെണീറ്റ്
അണിഞ്ഞൊരുങ്ങുന്നു
വഴി.



# നന്ദി